"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് - അഴീക്കൽ തുറമുഖ വികസനം - പൊന്നും വില നടപടി - എൽ. എ. ആർ. 258/13 കേസിന്റെ അപ്പീൽ - സസ്പെൻസ് ഹെഡിൽ നിന്നും തുക പിൻവലിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

മത്സ്യ ബന്ധന തുറമുഖ (ഇ) വകുപ്പ്

**സ.ഉ.(സാധാ) നം.281/2019/മ.തു.വ** തീയതി,തിരുവനന്തപുരം, 06/05/2019

പരാമർശം:- 1 റവന്യൂ വകുപ്പിന്റെ 25/10/1996 ലെ 40520/ബി1/96/റവന്യൂ നം. സർക്കുലർ

2 01/07/2011 ലെ സ.ഉ. (സാധാ) നം. 469/2011/മ.തു.വ

3 തുറമുഖ ഡയറക്ടറുടെ 07/03/2018 ലെ സി3-3109/14/ഡി.പി. നം. കത്ത്.

4. തുറമുഖ ഡയറക്ടറുടെ 12/03/2018 ലെ സി3-3109/14/ഡി.പി. നം. കത്ത്.

ഉത്തരവ്

അഴീക്കൽ തുറമുഖത്തിനായി ഭൂമി പൊന്നും വിലയ്ക്കെടുത്തതുമായി ബന്ധപ്പെട്ട് തലശ്ശേരി സബ് കോടതിയിൽ നിലവിലുള്ള എൽ.എ.ആർ 258/2013 കേസ്സിന്റെ വിധി തുക അനുവദിക്കണമെന്നു പരാമർശം 3-ലെ കത്ത് പ്രകാരം തുറമുഖ ഡയറക്ടർ അപേക്ഷിച്ചിരുന്നു.

പ്രസ്തുത കേസിൽ അപ്പീൽ സാധ്യത നിലനിൽക്കുന്നതിനാൽ ടി വിധിയ്ക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന് പരാമർശം 1 ലെ സർക്കുലറിലെ 4 ാമത്തെ വ്യവസ്ഥ പ്രകാരം കോടതിയിൽ കെട്ടി വെയ്ക്കുവാൻ ആവശ്യമായ 2,22,16,192/-രൂപ (രണ്ട് കോടി ഇരുപത്തിരണ്ട് ലക്ഷത്തി പതിനാറായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റിരണ്ട് രൂപ മാത്രം) 8674-101-99- Deposit of decretal amount in courts എന്ന സസ്പെൻസ് കണക്കു ശീർഷകത്തിൽ നിന്നും പിൻവലിക്കുന്നതിനും കോടതിയിൽ കെട്ടിവക്കുന്നതിനും കണ്ണൂർ ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പി.റ്റി.ജോയി**
**ഡെപ്യൂട്ടി സെക്രട്ടറി**

ജില്ലാ കളക്ടർ, കണ്ണൂർ

ഡയറക്ടർ, തുറമുഖ വകുപ്പ് ( ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതിലേക്ക്)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് ( 28-03-2019 ലെ Dev-2/217/2018-FIN (E-907421 നം. ഫയൽ പ്രകാരം)

റവന്യൂ വകുപ്പ് (09.04.2018 ലെ REV-B3/310/2018-REV നം. ഫയൽ പ്രകാരം)

Website & New Media, I&PRD (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ